**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4962** 14-03-2023 - ൽ മറുപടിയ്ക്ക്

**മലപ്പുറം ഫ്ലൈ ഓവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലൈഓവർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ലൈഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 942/2017/ പി.ഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മലപ്പുറം മണ്ഡലം CMT മീറ്റിംഗിലെ നിർദ്ദേശ പ്രകാരം പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തി പോലീസ് സ്റ്റേഷൻ വരെയുള്ള അലൈൻമെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. മാറ്റം വരുത്തിയ അലൈൻമെന്റ് കിഫ്ബി അംഗീകരിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയും.<br><br>പദ്ധതിക്ക് ക്രേന്ദ്ര ഉപരിതല വകുപ്പിൽ നിന്നും 12.10.2021 ന് NOC ലഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും എന്നത്തേക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പുതുക്കിയ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന് കിഫ്ബി അഗീകാരം നൽകിയിട്ടുണ്ടോ; പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ